# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1483 15.06.12-ലെ മറുപടിയ്ക്ക്

ഗ്രാമസഭകളും പഞ്ചവത്സര പദ്ധതിയും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സി.ദിവാകരൻ<br>ശ്രീ.കെ.അജിത്<br>ശ്രീ.പി.തിലോത്തമൻ<br>ശ്രീ.കെ.രാജു | | ഡോ: എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ ക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | പഞ്ചായത്തുകളിൽ പഞ്ചവത്സര പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതി രൂപീകരണത്തിനും നിർവ്വഹണത്തിനുമായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | തീരുമാനിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയും പഞ്ചവത്സര പദ്ധതിയും തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| (ബി) | സംസ്ഥാനത്തെ ഗ്രാമസഭകൾ ഇപ്പോൾ വർഷത്തിൽ എത്ര പ്രാവശ്യമാണ് സമ്മേളിക്കുന്നത്; ഗ്രാമസഭകളിൽ ജനപ്രാതിനിധ്യം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഗ്രാമസഭകളിൽ ജനപ്രാതിനിധ്യം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി & സി) | കേരള പഞ്ചായത്തീരാജ് നിയമം വകുപ്പ് 3എ പ്രകാരം വർഷത്തിൽ ചുരുങ്ങിയത് നാല് തവണ യെങ്കിലും (മൂന്ന് മാസ ഇടവേളയിൽ) ഗ്രാമസഭകൾ കൂടേണ്ടതാണ്. ഈ നാല് ഗ്രാമസഭകളും ഓരോ പ്രത്യേക ലക്ഷ്യത്തോടുകൂടിയാണ് യോഗം ചേരുന്നത്. ആദ്യത്തെ ഗ്രാമസഭ ആസൂത്രണത്തിനും രണ്ടാമത്തേത് ഗുണഭോക്തൃ തെരഞ്ഞെടുപ്പിനും മൂന്നാമത്തേത് പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനും നാലാമത്തേത് സോഷ്യൽ ഓഡിറ്റിനുമാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.<br>ഗ്രാമസഭകളിൽ ജനപങ്കാളിത്തം കുറഞ്ഞുവരുന്നതാണ് ഏറ്റവും പ്രധാന വെല്ലുവിളി. ഇത് പരിഹരിക്കുന്നതിന്റെ ഭാഗമായി 'കില'യുടെ നേതൃത്വത്തിൽ വിപുലമായ പരിശീലന പരിപാടികൾ നടത്തിവരുന്നു. |

| | |
|---|---|
| (സി) ഗ്രാമസഭകളുടെ സമ്മേളനം സംബന്ധിച്ച് ബന്ധപ്പെട്ടവർക്ക് എന്തെല്ലാം തരത്തിലുള്ള പരിശീലനങ്ങൾ നൽകുന്നുണ്ടെന്ന് വിശദമാക്കുമോ? | ഗ്രാമസഭകളുടെ ശാക്തീകരണത്തിന്റെ ഭാഗമായി കേരളത്തിലുടനീളം ഗ്രാമസഭ/വാർഡ്സഭ അംഗങ്ങൾക്കുള്ള പരിശീലനം 2011 ഡിസംബർ 18 മുതൽ 2012 ഫെബ്രുവരി 28 വരെയുള്ള കാലയളവിൽ നടത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി 890 സംസ്ഥാനതല മാസ്റ്റർ ട്രെയിനർമാരേയും 10255(പതിനായിരത്തി ഇരുനൂറ്റി അമ്പത്തിയഞ്ച്) ബ്ലോക്ക്തല പരിശീലകരേയും 102550(ഒരു ലക്ഷത്തി രണ്ടായിരത്തി അഞ്ഞൂറ്റി അമ്പത്) പഞ്ചായത്ത്തല ഫെസിലിറ്റേറ്റർമാരേയും 2052256 (ഇരുപത് ലക്ഷത്തി അമ്പത്തിരണ്ടായിരത്തി ഇരുനൂറ്റി അമ്പത്തിയാറ്) ഗ്രാമസഭാ അംഗങ്ങളെയും 'കില' മുഖേന പരിശീലിപ്പിച്ചിട്ടുണ്ട്. ഗ്രാമസഭാ അംഗങ്ങളുടെ അവകാശാധികാരങ്ങളും ചുമതലകളും ഇടപെടൽ സാധ്യതകളും, സോഷ്യൽ ഓഡിറ്റ്, മാലിന്യ സംസ്കരണം തുടങ്ങിയവയായിരുന്നു പരിശീലനത്തിലെ പ്രധാന ചർച്ചാ വിഷയം.<br>ഇതിന്റെ തുടർച്ചയായി കേന്ദ്ര-സംസ്ഥാന പ്രാദേശിക നേതൃത്വത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളെ ജനങ്ങൾക്ക് എങ്ങനെ ഉപയോഗപ്രദമാക്കാം എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഗ്രാമസഭാ അംഗങ്ങൾക്ക് ഒരു പരിശീലന പരിപാടി 'കില' മുഖേന 2012 -ൽ തന്നെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഓരോ പഞ്ചായത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് തല ഫെസിലിറ്റേറ്റർമാർക്ക് ഈ വിഷയത്തിൽ പരിശീലനം നൽകാനും ഉദ്ദേശിക്കുന്നു. മികച്ച രീതിയിൽ ഗ്രാമസഭാ അംഗങ്ങൾക്കുള്ള പരിശീലനം പൂർത്തിയാക്കിയ പഞ്ചായത്തുകൾക്ക് 'ഗ്രാമസഭാ അവാർഡ്' നൽകാനും ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ